# ബാലശ്രീധരം

പ്രസാധകർ:

**സാധുഗോപാലസമാജം**

ഗോവിന്ദമുട്ടം പി. ഒ., പുതുപ്പള്ളി,

കായംകുളം

# ബാലശ്രീധരം

സാധു ശ്രീധരൻ നായർ

പ്രസാധകർ:

**സാധുഗോപാലസമാജം**

ഗോവിന്ദമുട്ടം പി. ഒ., പുതുപ്പള്ളി,

**കായംകുളം**

Malayalam

*Bala Sreedharam*

**ബാലശ്രീധരം**

Author

**Sadhu Sreedharan Nair**

Published by:

**Sadhu Gopala Samajam**
Govindamuttom P. O.
Puthuppally, Kayamkulam.

Printed at

A. B. Press Chengannur

Copies **500**

Copyright Reserved

10th October 1987

24th Kanni 1163

**ആശ്വിന കൃഷ്ണചതുർത്ഥി 1909 ശകേ.**



സാധു ശ്രീധരൻ നായർ

## ഓം

## ശ്രീ ഗുരവേ നമഃ

തേനുണ്ടു മുരളും വണ്ടേ
ചൊല്ലു ചൊല്ലുന്നോടേവം
മായാന്ധകാരം പോക്കും
തേനേതു പൂവിലെന്നു്.
മരുന്നേതു തേനിലെന്നു്.

മാനസ സരസ്സാകെ
തെണ്ടിത്തിരഞ്ഞു ഞങ്ങടാം
മധുരമതുണ്ടെന്നാലും
ഔഷധമാകുന്നില്ല

സൂര്യകുസുമം കണ്ടു
ചാടിയ വായുപുത്രൻ
നിരാശനായി നിലം
പതിച്ചതുമോർത്തിടുന്നു.

ചൊല്ലു ചൊല്ലറിവുണ്ടേൽ
ആ തേൻ നുകർന്നിട്ടുണ്ടോ
നീയതങ്ങാഹരിച്ചോ
പാട്ടു പാടിലസിക്കും മുരളീ

മായാന്ധകാരം പോക്കും
രശ്മി അത്തേനിലുണ്ടോ
ആയതു കുടിച്ചു രസിച്ചു്,
പാട്ടു നീ പാടീട്ടുണ്ടോ
പാട്ടു നീ കേട്ടിട്ടുണ്ടോ

ാെല്ലുച ചൊല്ലു മുരളീ
സത്യം നീ ചൊല്ലു മുരളീ.

ബോധമാം ചിറകു വീശി
മാനസ സരസ്സുതാണ്ടി
അക്കരെ എത്തിച്ചേർന്നാൽ
കണ്ടുമുട്ടിടും കുഞ്ഞേ
ഘോരമാം ചിത്സമുദ്രം
ഘോരമാം ചിത്സാഗരം
എത്തിച്ചേർന്നെന്നു വന്നാൽ
ആയതിൽ കണ്ടെത്തീടാം
വിസ്തൃതം മഹാപത്മം
അവിടയേയുള്ളെന്നുണ്ണീ
മായാന്ധകാരം പോക്കും
രസമങ്ങവിടേയുള്ളു.

ആ തേൻ നുകരും വണ്ട്
മൂളില്ല മുരളുകില്ല.
കണ്ണൊന്നു മിഴിപ്പതും
ഒട്ടുപ്രയാസമുണ്ണി
കണ്ണുങ്ങു തുറന്നിരുന്നാൽ
അടപ്പതും പ്രയാസമുണ്ണീ.

ഓം

ശ്രീ ഗുരവേ നമഃ

പൈങ്കിളി കൊച്ചു കുരുവീ
പറന്നു പറന്നു നീ
എവിടെല്ലാം പോയിട്ടുണ്ട്
എന്തെല്ലാം കേട്ടിട്ടുണ്ട്
എന്തെല്ലാം കണ്ടിട്ടുണ്ട്
എന്തെല്ലാം തിന്നിട്ടുണ്ട്.

കാലൻ പിറന്ന കാലം
നീ ഒട്ടു കേട്ടിട്ടുണ്ടോ
നീ ഒട്ടു കണ്ടിട്ടുണ്ടോ
നീ അതങ്ങോർക്കുന്നുണ്ടോ.

ചോദിച്ചങ്ങറിയും കുഞ്ഞേ
ചൊല്ലാം ഞാൻ ചിലതെല്ലാം

അങ്ങങ്ങൊരു രാത്രി
അയ്യയ്യോ രാത്രി അല്ലാ
ഭീകര ഗംഭീരത
വാണോരു കാലമുണ്ട്

അയ്യയ്യോ കാലമല്ലാ
കാലമങ്ങവിടെ ഇല്ലാ
കാലനില്ലവിടത്തിൽ
കാലനൊട്ടു പിറന്നുമില്ല.

ഈക്ഷണം നില്പതുകണ്ടു
അന്തേ! അറിവതു നില്പതുകണ്ടു

കാലനും പിറന്നു വീണു,
ആ ഭീകര രാത്രിയിങ്കൽ
ഭയത്തിന്നട്ടഹാസം
ദൂരത്തിൽ കേൾപ്പാനുണ്ടു്
ദുഃഖവും പിറന്നു വീണു

കാലൻ വളൻ്റു വളൻ്റു
ഭരണവും പിടിച്ചെടുത്തു
ഇതെല്ലാം കണ്ടെൻറുണ്ണി
ദുഃഖവും ലോകവും കൂടി
പ്രവൃത്തി എടുത്തെടുത്തു
ദുഃഖത്തെ വളർത്തിടുന്നു.

അവനോ നിഴൽ പോലെന്നും
പക വീട്ടാൻ കൂടെയുണ്ടു്

നീയങ്ങു ചിറകടിച്ചു
ങ്ങവിടെല്ലാം പറന്നീടുമ്പോൾ
പറക്കാതെ പറന്നിടുന്നു
പാവങ്ങൾ ഞങ്ങൾ കുരുവീ.

ഇരുന്നാലും പറന്നാലും
ഒട്ടൊട്ടു തുല്യം തന്നെ.
കാലനുമിവിടെയില്ലാ
കാലവുമിവിടെയില്ല
ദേശവും കണ്ടില്ലിവിടെ
ലോകവുമിവിടില്ലാ

സ്വപ്രകാശേ രമിപ്പോർക്കു
കാലദേശങ്ങളെവിടെ

ദുഃഖവ്യൂഹങ്ങളെവിടെ
ലോകാലോകങ്ങളെവിടെ

ചെറുതായ് ഞെക്കിപ്പോയാൽ
ചത്തുചലമായ് പോകും പുഴു
അതിന്റെ കൊമ്പും കണ്ണും
കണ്ടു ഭയക്കും ജന്തുക്കളും കുഞ്ഞുങ്ങളും

അറിയിക്കു അവർ തൻ വലിപ്പം
ദുഃഖമാം പുഴുക്കളെ ജയിക്കാൻ
അറിവേകി ശക്തരാക്കു അത്തുതാൻ
മഹത്തുക്കളും കാണും ശിഷ്ടാചാരം.

ആത്മാവോ കത്തില്ലലിയുകില്ല
കാലകാലനാണാ ആത്മാ
നിത്യ നിരാമയനായവൻ
ഈശന്റെ ഉള്ളിലുള്ളോൻ

ഈശനേം രക്ഷിപ്പവൻ
പുറമേയുമവൻ തന്നെ
മായയിൽ പുളയും ദേവൻ
ഈശനായ് തോന്നീടുന്നു

ആത്മാവോ ബ്രഹ്മമവൻ
ആകയുമാകയും വേണ്ടാ
ഒന്നായി നില്പവൻ താൻ.

## ഓം
## ശ്രീ ഗുരവേനമഃ

ബ്രഹ്മമാം കോശത്തിൽ
ബ്രഹ്മമായ് നിലകൊള്ളും
ആത്മാവതെന്നും ബ്രഹ്മം.

ഈശ്വരനതിനെ ഈശകോ
ശത്തിലാക്കി നോക്കി
അവിടെങ്ങും കൊള്ളാഞ്ഞിട്ടോ
താങ്ങാൻ വയ്യാഞ്ഞിട്ടോ
പിതൃകോശേ തള്ളിവിട്ടു
മായാമോഹിനി അമ്മ
മാതൃകോശേ താങ്ങിനോക്കി.

അതു ദാ അന്നമയ
കോശത്തിലായി പോലും
അതീന്നും പ്രാണമയേ
അതീന്ന് മനോമയേ
അതു ദാ വിജ്ഞാനമയ
കോശേ ഉണ്ടുപോലും.
അവിടുന്നും ചാടി അതു്
ആനന്ദമയകോശേ എത്തി
എന്നിട്ടും നില്ക്കുന്ന
ലക്ഷണമതു കാട്ടുന്നില്ലേ

വിജ്ഞാനം മായാജന്യം
അതിൽ തിളങ്ങുമാനന്ദം
മിഥ്യാ ഭ്രമ സമ്മിശ്രമേ

ആകയാൽ തെററിയവൻ
സത്യത്തിൽ പ്രവേശിച്ചേൻ
അന്ധത്വം മാററിയവൻ
ചിത് അതായി നിലനിന്നേൻ
സച്ചിദാനന്ദമത്രു ബ്രഹ്മമത്രേ
ആത്മാവു ബ്രഹ്മമതിന്നു
പോയില്ല വന്നുമില്ല
ഈശ്വരമായകാം
ബ്രഹ്മത്തെ ആത്മാവാക്കി
മററു പലതുമാക്കാൻ നോക്കി

ബ്രഹ്മം ബ്രഹ്മം തന്നെ
അതിന്നൊന്നുമടർന്നു
പോയില്ല പോകയുമില്ല.
ബ്രഹ്മമേ ബ്രഹ്മം ബ്രഹ്മം.

ഓം

ശ്രീ ഗുരവേ നമഃ

വഴിയലസി നടക്കും സാധോ
എവിടേയ്ക്കാ പോക്കതു പറക
വരവില്ല പോക്കതുമില്ലാ
ഇവിടതു നിലനില്പൂ.

എന്തോന്നുകഴിപ്പൂ സാധോ
വിശപ്പില്ലേ ദാഹമില്ലേ.
അന്നത്താൽ വിശപ്പു മാററും
അമൃതത്താൽ ദാഹം മാററും
അങ്ങനങ്ങമൃതേത്താക്കും.
കിട്ടുന്നതാഹരിക്കും
ജലത്താൽ ദാഹം തീർക്കും.
അതെങ്ങനമൃതേത്താകും.
അമൃതമതെന്നോടൊത്തു്
എന്നെന്നും നിലകൊള്ളുന്നു.
വലിക്കേണ്ട പറിക്കേണ്ട
എന്നെന്നും കൂടെയുണ്ടു്.

ആയതെനിക്കല്പം
തരുവാൻ സമ്മതമാണോ
അമൃതം കാട്ടിൽകാണുവതല്ല
നാട്ടിലും കാണുവതല്ല.

അതുകാട്ടി കൊടുപ്പതത്രെ
അതു ഞാൻ കാട്ടാം കുഞ്ഞെ
പക്വമതി നീയതാകിൽ.

* * * * * * * * * * *

എന്നെ ഇന്നെങ്ങനെയോ
എന്നീന്നു മാററിപ്പോൽ
ബ്രഹ്മത്തിൽ നിന്നും
ബ്രഹ്മത്തെ മാററിയോർ

ആത്മാവതിൽ നിന്നും
ആത്മാവേ മാററിപ്പോൽ

ബ്രഹ്മമതിൽ നിന്നും
ആത്മാവേ മാററുവോർ
ബോധമതിൽ നിന്നും
ബോധത്തെ മാററുമേ

ജലമതിൽ നിന്നും
ജലത്തെ മാററും പോൽ
അഗ്നി അതിൽ നിന്നും
ചൂടതേ മാററും പോൽ

എന്തെൻ പിതാവേ
ഞാനാരോടു പറവതു്
ബന്ധനഭേഷജം
ബന്ധനംസ്ഥിരമാക്കുമോ

അന്ത മില്ലാത്തടവ്
സുസ്ഥിരമാക്കയോ.
എന്തെൻ പിതാവേ
ഞാനാരോടുപറയേണ്ടു.

മുൻകാലങ്ങളിൽ വേദാന്തികൾക്കു് ദാർശനികരുടെ എതിർപ്പുമാത്രമേ ഉണ്ടായിരുന്നുള്ളു. ലൗകികന്മാരെ

അവഗണിച്ച തന്നെയാണിതു പറയുന്നതു്. വേദ വാദികളായ അല്പം ചിലരും എതിർക്കുന്നതായിട്ടാണു കാണുന്നതു്. വികല്പഭ്രമക്കാരായ അവരെ പുലർത്തി വേദാന്തവിചാരണ ചെയ്യുക വളരെ പ്രയാസമെങ്കിലും അപ്രകാരം തന്നെ ചെയ്യാം.

വേദത്തിൻെറ ശാസ്ത്രസമ്മതി എത്രയെന്നു കാട്ടി അതിൻെറ യുക്തിയും അനുഭവസമ്പത്തിയും കാട്ടി യാലേ ബോധ്യപ്പെടൂ. കഴിവതു ശ്രമിക്കാം.

ആൽവിത്തിനുള്ളിൽ ആൽനിലനിന്നെങ്കിലേ ആലായി വളരൂ. ബോധസ്വരൂപമായ വേദം അഖണ്ഡ പ്രപഞ്ചമായി നില നിന്നു കാണുന്നതു്, അതിൽ ലോകം ബീജേന നിലനില്ക്കയാലാണു്.

''യാവാൻവാ അയമാകാശ
സ്ഥാവാനേഷോ
അന്തർഹൃദയാകാശ ഉഭേ
അസ്മിൻ ദ്യാവാ
പൃഥിവീ അന്തരേവസമാ
ഹിതേ ഉഭാവഗ്നിശ്ച
വായുശ്ചസൂര്യാ ചന്ദ്രമസാവു
ഭൌവിദ്യുന്നക്ഷത്രാ
ണിയച്ചാസ്യേഹാസ്തിയച്ച
നാസ്തിസർവ്വം തദസ്മിൻ
സമാഹിത മിതി.''

ഈ ഭൗതികാകാശം എത്രത്തോളമുണ്ടോ അത്ര ത്തോളമുള്ളതാണു് ഈ ഹൃദയത്തിനുള്ളിലുള്ളആകാശം.

ദ്യോവും പൃഥിവിയും ഇതിനുള്ളിൽ തന്നെ സ്ഥിതി ചെയ്യുന്നു. അഗ്നിയും,വായുവും, സൂര്യനും ചന്ദ്രനുംവിദ്യുത്തും, നക്ഷത്രങ്ങളും യാതൊന്നു് ഈ ദേഹിക്കു് ഈലോകേയുണ്ടോ അതും ഏതില്ലയോ അതും ഈഹൃദയാകാശത്തിൽ സ്ഥിതിചെയ്യുന്നു.

അതുപോലെ തന്നെയാണു് ഹൃദയാകാശത്തിൽ അഥവാ ചിദാകശത്തിൽ സ്ഥിതി ചെയ്യുന്ന വേദത്തിൽ സർവ പ്രപഞ്ചവും നിലകൊള്ളുന്നത്.

ഹൃദയാന്തർ ഭാഗത്തിലുള്ള ആത്മാവിലല്ലാതെ ഒരു വേദവും വെളിപ്പെടുന്നില്ല. ഇതു മനസ്സിലാക്കി വേദപഠനം നടത്തണം. അല്ലായ്കിൽ വികല്പഭ്രമം മാറുകില്ല. ആകയാൽ അപ്രകാരം നമുക്കു് വേദപ്പൊരുളും മനസ്സിലാക്കാൻ നോക്കാം.

അറിയപ്പെട്ട വേദത്തിലെ അഗ്നിസൂക്തം തന്നെ എടുത്തു പഠിച്ചു നോക്കാം.

ഇതു് വെളിയിൽ നാം ശേഖരിച്ച ഒരു അഗ്നി കുണ്ഡത്തെ അല്ല കാണിക്കുന്നതു്. പിന്നെയോ പ്രപഞ്ച മധ്യസ്ഥമായി ശരീരത്തിൽ മൂലാധാരൈക നിലയമായി നിലകൊള്ളുന്ന ജീവൽ ശക്തിയായ അഗ്നിയെയാണു് കാണിക്കുന്നതു്. ഇതു് നമുക്കു് വേദവചസിനാൽ തന്നെ തെളിയിക്കാൻ നോക്കാം.

''ഓം അഗ്നിമീളേ പുരോഹിതം
യജ്ഞസ്യ ദേവമൃത്വിജമ്
ഹോതാരം രത്ന ധാതമ്
അഗ്നി പൂർവേഭിഃ ഋഷിഭി

രീഡ്യോ നൃതനൈ
രുത സദേവാം ഏഹവക്ഷതി''

യജ്ഞ പുരോഹിതനായും, ദേവനായും, ഗമിക്കുന്നവനായും, ഹോതാവായും, അതായതു് ഹവനം ചെയ്യുന്നവനായും ദഹിപ്പിക്കുന്നവനായും അഥവാ സംഹരിക്കുന്നവനായും, രത്നധാരിയുമായിരിക്കുന്ന അഗ്നിയേ ഞങ്ങരം നമിക്കുന്നു. ഈ അഗ്നിയാകട്ടെ പൂർവന്മാരായ ഋഷികളാലും നവീന ഋഷികളാലും ആദരണീയനാണു്. ഈ അഗ്നി എല്ലാ ദേവവൃന്ദത്തെയും ശരിയായ നിലയിൽ ആകർഷിച്ചു നിർത്തുവാൻ ശക്തവുമാണു്.

മാത്രമല്ല:-

''യദങ്ഗദാശ്രുഷേ ത്വ
മഗ്നേ ഭദ്രം കരിഷ്യസി
തവേത്തൽ സത്യമങ്ഗിരഃ''

ഇങ്ങനെല്ലാമായിരിക്കുന്ന അഗ്നി അതിനു വേണ്ടിതന്നെയാണു് നന്മവരുത്തുന്നതും എന്നുകൂടിസ്മരിക്കുന്നുണ്ടു്. ഇപ്രകാരമുള്ള അഗ്നിയേപ്പററി നമുക്കു് വിശദമായൊന്നന്വേഷിക്കാം.

,,ഇഡാ ചന്ദ്രകലാജ്ഞേയാ
പിംഗലാഭാസ്കരസ്യത്തു
സുഷുമ്നാഗ്നികലാജ്ഞേയാ

— — — — — — —

''തസ്യനാഡ്യാം സ്ഥിതോവഹ്നിർ
ജ്വലനേ കാലരൂപക''

''ഇഡാ പിംഗലയോർ മധ്യേ
സുഷുമ്നാ സൂക്ഷ്മരൂപിണീ
ഗുദോർധ്വ പൃഷ്ഠ ഭാഗേതു
വീണാദണ്ഡ ശരീരഭൃത്''
(ശിവജ്ഞാനദീപികാ)

''മൂലാധാരാദാരഭ്യ ബ്രഹ്മ
രന്ധ്ര പര്യന്തം സുഷുമ്നാ
സൂര്യാഭാ തന്മദ്ധ്യേതടിത്
കോടിസമാമൃണാള
തന്തു സൂക്ഷ്മാ കുണ്ഡലിനീ
നാത്രതമോ നിവൃത്തി
തദ്ദർശനാൽ സർവപാപനിവൃത്തി,,
(മണ്ഡല ബ്രാഹ്മണോപനിഷത്)

ചിദഗ്നികുണ്ഡസംഭൃതാ
ദേവകാര്യ സമുദ്യതാ
ഉദ്യദ്ഭാനു സഹസ്രാഭാ

— — — — —

ജ്വാലാമാലിനികാ ക്ഷിപ്താ
വഹ്നി പ്രാകാരമധ്യഗാ''

ഇങ്ങനെ ഈകുണ്ഡലിനീശക്തി എന്ന വഹ്നിയെ പല ഭാഗത്തും വാഴ്ത്തുന്നതു കാണാം ഇതിൻെറ ലക്ഷണ ങ്ങളെ പരിശോധിച്ചാൽ ഇതു തന്നെയാണ്, വേദത്തിൽ യജ്ഞപുരോഹിതൻ തന്നെയായും, പ്രകാശസ്വരൂപി യായും. ഗമിക്കുന്നതിനാൽ ഗമനസ്വഭാവിയായും, രുദ്ര ഗ്രന്ഥി എത്തുമ്പോഴേയ്ക്കും സർവത്തേയും ദഹിപ്പിച്ച്

സംഹരിക്കുന്നവനായും പോകുന്നപോക്കിലെല്ലാം നാനാരത്നങ്ങളുടെ പ്രഭയാലലംകൃതനായും,സഹസ്രദള ത്തിലെത്തിച്ചേന്നാൽ സാക്ഷാൽ പരമാത്മാവുതന്നെ യായും തീരുകയാൽ ഇതുതന്നെയാണ് ഈസർവലക്ഷ ണങ്ങളും തികഞ്ഞ വേദസ്തുതിയിലെ അഗ്നി എന്നു വ്യക്തമാണ്.

ഓം

## ബാലശ്രീധരം

ഇതുവരെ അഗ്നിസൂക്തം കൊണ്ടു് പരമാത്മ ദശ്നം പറഞ്ഞു. ഇനി വായുസൂക്തം കൊണ്ടു പരമാത്മ ദശ്നം എങ്ങനെയെന്നു കാണാം.

വായു വായുവെന്നു പറയുന്നതു് പ്രാണനെ തന്നെ യാണു്. എപ്രകാരമാണോ അഗ്നി എന്നതുകൊണ്ടു് ആഹവനീയാഗ്നിയെ സൂചിപ്പിക്കുന്നതു്. അതു പോലെ വായുവും, പ്രാണൻ എന്നതും വരും.

''വായു, ഇന്ദ്രവായു, മിത്രാവരുണാച ദേവതാ''

ഇവിടെ വായു മാത്രമല്ല അതിൻെറ സഹകാരി കളും വിവരിക്കപ്പെടുകയാണു്.

മുഖ്യ പ്രാണൻെറ പ്രവത്തനത്തിൽ പെട്ടതാണു് സകല ഇന്ദ്രിയങ്ങൾക്കും ശക്തിയെ കൊടുത്തു പാലി ക്കയെന്നതു്. ആകയാലാണു് മുഖ്യപ്രാണൻ ദേഹം വിട്ടാൽ ഇന്ദ്രിയപ്രവത്തനം നില്ക്കുകയും ഇവകളെ മററു പ്രാണനോടു കൂടി വെളിക്കേക്കാകഷിക്കുകയും ചെയ്യു ന്നതു്. ആകയാലത്രേ വായുവും ഇന്ദ്രവായുവും സൂക്ത ത്തിലെ ദേവകളിൽപെടുത്തിയിരിക്കുന്നതു്. ആയ പോലെ മിത്രാവരുണന്മാരും. മിത്രൻ വായുവിൻെറ കാരണസ്ഥാനവും വരുണൻ അതിൻെറ നിജസ്ഥാന വുമാണു്.

ആകയാൽ വായുവിനേയും ഇന്ദ്രവായുക്കളേയും മിത്രാവരുണന്മാരേയും പോഷിപ്പിക്കലത്രേ ഈ സൂത്ര സൂചിതം.

ഇതുപോലെ ശുനശേഫ വൃത്താന്തത്തിലെ കഥ ഓർത്താൽ വിഷയഗ്രന്ഥി ഭേദിച്ച് മുക്തനാകേണ്ട മാർഗ്ഗമാണ് കഥനം ചെയ്യുന്നതെന്നു വ്യക്തമാകും.

ഇതിന്റെ വിശദീകരണത്തിൽ ഹരിശ്ചന്ദ്ര–വരുണ–അജീഗർത്ത ബ്രാഹ്മണൻ–വിശ്വാമിത്രൻ മുതലായവരുടെ പ്രവർത്തന വിവരണം പുരാണം വഴി വ്യാസ ഭഗവാൻ വിവരിച്ചിരിക്കുന്നതു് അത്യന്തം മനോഹരമാണ്.

ഏതു പോലെയാണോ അഗ്നിസാക്ഷാത്ക്കാരത്താൽ പ്രപഞ്ചം മുഴുവൻ ദഹിച്ച് അഗ്നിസമുച്ചയമായി മറ്റൊന്നില്ലാതെ അനുഭവപ്പെടുന്നതു്–അതായതു് സാക്ഷാത്ക്കരിക്കപ്പെടുന്നതു് ഏതാണ്ടതു പോലെ തന്നെ വായു ശിരസിനെ പ്രാപിച്ച നിറവുററു് അഖണ്ഡാകാരത്തെ പ്രാപിച്ച് ആനന്ദാത്മകമാകുന്നതറിയാൻ കഴിയും. ഇവയെല്ലാം നമ്മേ പരമാത്മ സാക്ഷാത്ക്കാരത്തിൽ എത്തിക്കും. ഇവിടെ ഒക്കെ വരുമ്പോഴം വേദമതിന്റെ അന്ത്യഘട്ടത്തെ പ്രാപിക്കയും വേദാന്തമുടലെടുക്കയും ചെയ്യുന്നതും സുവ്യക്തമായി കാണാൻ കഴിയും.

ഓം
## ശ്രീ ഗുരവേ നമഃ

ഭാനുമാൻ തമ്പുരാൻ
എവിടേയ്ക്കാ പോകുന്നേ
വിശ്രമിക്കേണമെന്നാശയില്ലേ.

പോകുന്ന കൂട്ടത്തിൽ
സംസാരിച്ചെന്നാകിൽ
ഒട്ടൊട്ടൊരാശ്വാസം
കിട്ടുകില്ലേ.

പടിഞ്ഞാറേ കടലതിൽ
മുങ്ങുന്ന നീ ചെന്നു
കിഴക്കേ കടലതിൽ
നികരുന്നല്ലോ

എത്രനാളം നാം തമ്മിൽ
കാണുന്നു നിത്യേന
എന്നിട്ടൊന്നുരിയാടാൻ
ഭാവമില്ലേ.

സാധുക്കളാം ഞങ്ങളാം ഹേ
സാധുക്കളാം ഞങ്ങളാം ഹേ
യാചിക്കുമെന്നു നീ പേടിക്കേണ്ടാ
യാചകരല്ലിവർ
യാചകരല്ലിവർ
ബോധ സ്വരൂപികളാം
ആത്മവാന്മാർ

ഞങ്ങളെ നീ ഒട്ടും
കേട്ടിട്ടില്ലാരിക്കാം.
വേദം പകർന്നോനാം
നിനക്കറിവില്ലെന്നു
ഞങ്ങൾ പറയുവ
തെങ്ങനെടോ

ആനന്ദ സാഗരേ
ആറാടിക്കളിക്കുവാൻ
വന്നോർ ഞങ്ങൾ

പടിഞ്ഞാറു താണിട്ട്
കിഴക്കുയരുന്നതോ
നിന്മഹത്വം

ആകാശേ വാണം
പോലുയന്നു പറപ്പതോ
നിന്മഹത്വം

ചൊല്ലു ചൊല്ലൊന്നു
മിണ്ടെടന്റെ ആദിത്യാ
സാധുക്കൾ ഞങ്ങൾക്കു
പുളകം വിരിക്കെടോ

ആനന്ദ പുളകങ്ങൾ
ഞങ്ങളിൽ തരിക്കട്ടെ

എത്രയോ സൽക്കർമ്മം
ദിവസേന ചെയ്വൂ നീ
ആയവ ഒന്നുമേ നിന്റെയല്ലേ

# 19

ആത്മാ തൻ പ്രസാരിപ്പേ
നിൻറതാവോ

ഇത്രയും മിണ്ടീട്ടും
നീ ഒട്ടും മിണ്ടീല്ല

എന്നാൽ ഞാൻ ഒരു
കാര്യം പറയട്ടേ
നിന്നോട്

എൻ ഗുരു ശ്രീവസിഷ്ഠൻ
രാമനോടോതിയത്.
നിന്നുള്ളിലിരുപ്പതാം
ഗംഭീര ആത്മാ താൻ
എന്നുള്ളിലെന്നല്ലാ
പുഴവിലുമിരിപ്പെന്ന്

ആകയാൽ ഞങ്ങൾ
പിള്ളേർ ഞെക്കില്ല
പുഴക്കളേയും.

ഇതോർത്തു ഞങ്ങൾ രസിക്കും
നീ ഒട്ടു മിണ്ടീല്ലേലും.

ഭാനുമാനേ നീ നിൻെറ
ഉടുപ്പു കണ്ടിട്ടെന്തിനു
ഞെളിയുന്നു
അതു നിൻേറതല്ലെ
ന്നൊട്ടു ഞങ്ങളു
മറിയുന്നെല്ലോ.

അതീശന്റെ പകയല്ലേ
വലിച്ചെറിഞ്ഞു കളഞ്ഞിട്ടു
വന്നീട്ടു അമൃതമുണ്ണാൻ
ഉദ്യോഗമില്ലാത്തോർക്ക്
ആനന്ദം നേട്ടമല്ലോ

ഭാനുമാനേ ഒന്നു മിണ്ടു
പൊങ്ങച്ചം മാററി വെച്ചി-
ട്ടൊന്നു മിണ്ടു,

ഞങ്ങളോടു മിണ്ടുന്നതിൽ
പോരായ്മ എന്തൊന്നുണ്ട്.
നീ വലം വയ്ക്കും ധ്രുവൻ
ഞങ്ങളിൽ പെട്ടോനത്രേ

ആത്മവാൻ വൈശിഷ്ട്യം
നീ അതു കണ്ടും പഠിച്ചില്ലേ.

നീ ഒന്നു മിണ്ടിയെന്നാൽ
ഞങ്ങൾക്കോ സായൂജ്യം താൻ
അല്ലേൽ ഞങ്ങൾ പറയും,
നിൻ പണി വെളിച്ചത്താകും.

ഏഴു കുതിരയെ കെട്ടിയ
രഥേ നീ സഞ്ചരിപ്പൂ.
ഭ്രുവതാം രഥേയിർത്തി
നീ അല്ലേ ഞങ്ങളെ
കൊണ്ടു നടപ്പൂ.

അതല്ലേ നിന്റെ മോൻ
കർണ്ണൻ തേരാളി പുത്രനായേ

എന്നാലും മിണ്ടില്ലേ നീ
മിണ്ടണ്ടാ

ഞങ്ങൾക്കും മൗനം തന്നെ
ഞങ്ങൾക്കും മൗനം തന്നെ.

* * * * * * * *

ഭാനുമാനേ നീ ജലം പ്രതി
വെവ്വേറെ കാണുന്നെല്ലോ
കൂട്ടുകാരില്ലാഞ്ഞിട്ട്
പ്രതിരൂപം കൂട്ടുകയോ

ഒരു വിദ്യ ഞാനും ചൊല്ലാം
ആളേ കൂട്ടാൻ
ഭാനുമാൻ ദിനംപ്രതി
വെവ്വേറെ ആണെല്ലോ
ഞങ്ങടെ പൂർവ്വീകർ
പന്ത്രണ്ടാദിത്യരേ എണ്ണി
ഞങ്ങൾ ദാ ചൊല്ലുന്നു
മുന്നൂററുപത്തിഅഞ്ചും
ഒരു കാലും.

കാലവും ദേശവും
മാറിടുമ്പോൾ
മാറാത്തതാരാണീ
മായാ ലോകേ.

ഇന്നലെത്താദിത്യൻ
ഇന്നും നീയെന്നാകിൽ
ഇന്നലെ മാറിപ്പോയ്
ദേശവും മാറിപ്പോയ്

നീ മാത്രം മാറാതി
രുന്നോ എന്നും.

എത്രയേറെ ആദിത്യ
രുണ്ടെന്നിരുന്നാലും
അവർ നിന്നോടൊ
ന്നുമേ മിണ്ടുവില്ലാ
അങ്ങനങ്ങു പക
പോക്കും ഞങ്ങൾ
ഓർത്തോ.

# ഓം

## ശ്രീ ഗുരവേ നമഃ

അയ്യയ്യോ അത്ഭുതമത്ഭുതമേ
കാലമായൊഴുകുന്ന ഒഴുക്കു
കണ്ടോ നിങ്ങൾ.

അങ്ങുയരേ ഉയരേ ഉയരേ
നോക്കു കുഞ്ഞേ
അതിനൊക്കെ അപ്പുറത്ത
ങ്ങെവിടെയോ ദൂരത്തുന്നേ
ഒഴുകുന്നക്കാല നദീ,
ഭീകരം ഭയജന്യം.

നോക്കെന്റെ കുഞ്ഞുങ്ങളേ
ലോകമങ്ങൊഴുകും വഴി
ഭയജനകം കണ്ടോ

ഒഴുകുന്ന സൂര്യം കാണാം
ഒഴുകും ചന്ദ്രനെ കാണാം
ഒഴുകുന്നസ്ഥല പർവതങ്ങളും
ഒഴുകും നക്ഷത്രവൃന്ദം കാണാം
എന്തിതിലില്ലാത്തത്.

അയ്യയ്യോ ഈശനു മൊഴുകുന്നു
പിന്നയോ ന്യാറാണ്ടന്മാർ
സാമ്രാജ്യ മൊഴുകുന്നയ്യോ
ശിഷ്ടരും ദുഷ്ടരു മൊഴുകുന്നയ്യോ
പിന്നാരാ നമ്മേ കാക്കാൻ.

ഒഴുക്കിന്റെ തീരാനാണ്
ദാ നാമും ഒഴുകുന്നു.
എങ്ങനെങ്ങു കരകേറും
മായാ സമുദ്രത്തിലേക്കൊ
ഴുകി പായുന്നയ്യോ.

എവിടെല്ലാം ചെന്നെന്നാലും
ദേശം മാത്രം കാണ്മാനുണ്ട്.
അതു ദാ പടന്നങ്ങു
പടന്നു പരക്കുന്നു
പടന്നു പടന്നങ്ങു
പരക്കെ പരന്നങ്ങു
സുസ്ഥിരം നിലകൊാംവു.

കാലവും ദേശേ ഒഴുകുന്നു,
ദേശമോ കാലേ കണ്ടീടുന്നു
കര എവിടെങ്ങെനെത്തും.

മല വെള്ളമിളകുമ്പോാം
മലമ്പുഴ കാണും പോലെ
ആറാകെ കൃമിപോലെ
മാനുഷരൊഴുക്കിൽ കാണ്മൂ
ആരു നമ്മേ രക്ഷിക്കുവാൻ,

തീററി അതു നൽകുന്നോരു
ചൂണ്ടയിൽ കൊരുത്തീടുന്നു,
മാനുഷ ജീവരാശി
എങ്ങനെ രക്ഷപ്പെട്ടും

അമ്പമ്പേ സർവ ജീവനേം
തിന്നും മാനുഷജനാവലി

കേഴന്നു നില നില്പിന്നു്.
ചാരിത്രം സംശുദ്ധിയും
പാലിക്കും മഹാത്മാക്കൾക്കും
അണയുന്നുണ്ടു കഷ്ടകാലം
എങ്ങനെ രക്ഷപെട്ടും.

വേദമാം മഹാദ്യുതി
വെളിക്കേകിയറിഞ്ഞ
ദേവൻ അതു കാട്ടി
മയക്കുന്നു മാനുഷ ജനങ്ങളെ.
രക്ഷിക്കാൻ വഴി കാട്ടും
വെളിച്ചത്തിൻ ഘാതകൻ
കാത്തിരിപ്പൂ കശാപ്പതു
ചെയ്യുവാൻ വേണ്ടി
അമ്പമ്പേ എങ്ങനെ രക്ഷപെട്ടും,
പിതൃമാതൃജന മുമ്പിലിട്ടു
തൻ കുഞ്ഞുങ്ങളെ റേപ്പു
ചെയ്തു കൊല്ലുന്നു ചിലർ.

അതു കാണാൻ വയ്യാഞ്ഞിട്ടു്
കണ്ണുതങ്ങടച്ചാലോ
നുലുകൾ കൊരുത്തു കൺ
പോളകൾ അടയാതെ
കെട്ടിയിട്ടു തല്ലുന്നു ചിലരെ

ഇങ്ങനുള്ള ലോകേ ജനി
ച്ചു പോയി നാമെല്ലാരും
ജനിക്കാതിരുപ്പതേ
ജയിക്കാൻ മാർഗമുള്ളൂ.

അത്ഭുത പാരതന്ത്ര്യമേ
സ്വച്ഛമായാനന്ദേ മുളച്ച
ലോകം തീരാദുഃഖത്തിൻ
ചൂടത്തു പുലർത്തുന്നു
മായേ നീ മഹാ പ്രഭവി
നീയോ ലോകമാതാ.

വേദജ്ഞർ കൂട്ടംകൂടുന്നു
അടിമത്വത്തിൻ ചുവട്ടിലായ്
സ്ഥാപിക്കാൻ വെമ്പീടുന്നു
അടിമത്വം സ്ഥിരമാക്കുവാൻ.

ഇതൊക്കെ മതിയെൻ കുഞ്ഞേ
ബാലന്മാർ നമ്മളേവം
ആത്മാവെന്നൊന്നു
നമ്മൾ തന്നുള്ളിലുണ്ട്
ആയതാ നമ്മൾ ഓർക്കാ
അല്ലാത്ത തെല്ലാമായീശൻ
വകതൊടല്ലേ തൊട്ടുപോകല്ലേ
വിഷലിപ്തം ഭ്രാന്തിമത്തം
വേലചെയ്യുക അല്ല
നമ്മൾ തൻധർമ്മമോർക്ക
ആത്മ രക്ഷണം വേണ്ട
ആത്മ സ്മരണ മാത്രം പോരും.

കണ്ടവന്റെ വാക്കു കേൾക്കും
നായേ പോൽ കഴിയലല്ല
ആത്മാവിൻ ധർമ്മമെടോ
ആത്മവാനാത്മാ മാത്രം
മറ്റൊന്നുമവനു വേണ്ടാ

അവൻേറതേ ലോകമെല്ലാം
അവനുള്ളേ ലോകമെല്ലാം.

''യാവാൻ വാ അയമാകാശ
സ്ഥാവാനേഷോ
അന്തർ ഹൃദയാകാശ: ഉപേ അസ്മിൻ ദ്യാവാ
പൃഥിവീ അന്തരേവ സമാഹിതേ
ഉഭാവഗ്നിശ്ച
വായുശ്ച സൂര്യാചന്ദ്രമസാവുഭൗ
വിദ്യുന്നക്ഷത്രാണിയച്ചാസ്യേഹാസ്തിയച്ച
നാസ്തിസർവം തദസ്മിൻസമാഹിതമിതി''

അതങ്ങു നശിപ്പെങ്കിൽ നശിച്ചോട്ടേ
ഇരുപ്പെങ്കിൽ ഇരുന്നങ്ങു കഴിയട്ടേ.
നീചനു വാലാട്ടലൊട്ടും
വാലില്ലാത്താത്മാവിൻ ധമ്മമല്ല.

ഉലക്ക ഉരുട്ടാൽ ചത്തു ചിലർ,
കഴുത്തൊപ്പം കുഴിച്ചിട്ടു
ആനയാൽ തല തട്ടിക്കയാൽ
മരണമടഞ്ഞു ചിലർ,
ആനക്കാലിൽ കെട്ടി
ആനയെ നടത്തലാൽ
മരിച്ചവരുണ്ടു കുറെ,
കപ്പിയിൽ കെട്ടിത്തൂക്കി
നെലംതല്ലിക്കിടിക്കും പോൽ
ഇടിച്ചു ചത്തവരുണ്ടു്,
എത്ര എത്ര അധമ്മങ്ങളും
മാനുഷർ ചെയ്തീടുന്നു.

അമ്പമ്പേ എങ്ങനെ രക്ഷപ്പെട്ടം
ചുട്ടും കരിച്ചും പൊരിച്ചും
കൊല്ലുന്നിതെത്ര പേരെ
എന്നിട്ടും ലോകേ വാഞ്ഛാ
ഇന്നൊന്തിനു നിലനിൎത്തുന്നു.

നൂറു കൊല്ലത്തിലേറെ
ഇരിപ്പതു കാണാറില്ല
ലോകമായ് കാണുമവന്നാൽ
ആയതിൻ നേർ നില തിരക്കുക
അതു നിന്നറിവാണു്
കടം കൊള്ളാൻ പോകേണ്ടാ
ആത്മാവിൻ നില അറിക
അതു കാട്ടും മാൎഗ്ഗമെല്ലാം

കണ്ണടച്ചങ്ങിരുട്ടാക്കും
മാൎഗ്ഗമാക്കും ശരി അല്ല
ഉള്ളതു സമ്മതിക്കേണം
ഉള്ളതേ സമ്മതിക്കാവൂ.

ആത്മവാനാത്മനില അറിയേണം
ആയതു നിലനിൎത്തേണം
കുഴപ്പം വന്നതിൻവഴി
വഴിപോലാരായേണം
അറിഞ്ഞെന്നു പറയുവോരെ
അകററിത്താൻനിൎത്തീടണം
ചൂണ്ടയവനെറിയുമ്പോഴും
അതിൽക്കേറി പിടിക്കൊല്ലാ
ആത്മവാനറിയും സത്യം
മററാരും പറകയില്ല.

ഓം തത് സത്

**ഓം**

**ശ്രീഗുരവേ നമഃ**

ചിത്രശലഭങ്ങളെത്ര
മോഹന മത്ഭുതകരം

നിൻ ദേഹ നിർമ്മാണത്തെ
നീ ഒട്ടൊട്ടറിയുന്നുണ്ടോ

ശബള ശബളമതി
മോഹന ചിത്രാങ്കിതം

അതുപോലുമതിശയേന
നോക്കിക്കൊണ്ടന്നു ഞങ്ങൾ

നിൻദുഃഖം നോക്കീടാതെ
ഓടിച്ചീടുന്നു നിന്നെ
പിടിച്ചീടുന്നു നിന്നെ
കൊല്ലുന്നുമുണ്ടു നിന്നെ

മഹത്വം പാർത്തു കണ്ടാൽ
ആരുതാൻ കൊല്ലും നിന്നെ

നിൻ ചിറകതിൽ കണ്ടു
ചെറു ധൂളികളെടുത്ത-
ങ്ങുപഠിച്ചപ്പോൾ കണ്ടത
ങ്ങോർത്തിടുമ്പോൾ അതിശയാ
ലതിശയമല്ലേ അത്ഭുതമല്ലേ.

സൂര്യനുണ്ടപ്പൊടിയിൽ
ഗ്രഹങ്ങളൊട്ടനേകം

അങ്ങനങ്ങെത്രയെത്ര
ധൂളി നീ വഹിക്കുന്നു
അതും കൊണ്ടേ പറക്കുന്നു

പറക്കും ബ്രഹ്മാണ്ഡമേ
മോഹന ബ്രഹ്മാണ്ഡ സമു
ച്ചയമേ അതിശയമേ.

നീയതങ്ങറിയുന്നുണ്ടോ
അതോ തന്നത്താനറിയാതെ
പൂതോറും പരന്നിട്ടുണ്ടു
ണ്ണുന്നോ പൂന്തേനെന്നും

ഖേദിക്കവേണ്ട പാറേ
ഈ പിള്ളേരും ഇതുപോൽ തന്നെ.

ബ്രഹ്മാണ്ഡം മുഴവനും
ഈശനേം ഉള്ളിലടക്കം
ലോകോത്തരമഹാപ്രജ്ഞ
കയ്യതിൽകിട്ടിയിട്ടും
വെമ്പുന്നിതെന്തിനായോ
നീ നിറച്ചാഹരിച്ചല്ലോ
പറയൂ നീ നിൻ ചരിതം

ഞങ്ങടം മുട്ടയിട്ട പുലത്തുന്ന പരമ്പര
മുട്ട വിരിഞ്ഞങ്ങു പുഴവായ് തീന്നീടുന്നു
അഗസ്ത്യൻ പോൽ ബലൂൺ
പോലെ ഇരുപ്പോരുണ്ടു്
രോമശന്മാർ ചിലരെടോ
അഷ്ടാവക്രരും കാണ്മാനുണ്ടു്

ഇങ്ങനങ്ങനവധി
കണ്ണുന്തിയോർ
കൊമ്പുള്ളവർ
നട്ട പൊക്കി നടപ്പവർ
ഇഴഞ്ഞങ്ങു കഴിയുവോർ

ഈ പുഴക്കരം ജനിച്ചതാ
മിടമത്തു തിന്നു താൻ
തീർത്തിട്ടു ചാരത്തു
കാണവതു തിന്നു താൻ
തീർത്തങ്ങു നശിപ്പിച്ചു.

പൂമ്പാറേ ജീവൻ
വച്ച മലർ ക്കൂട്ടാ
അതു പോലാ ഞങ്ങളിൽ
ചിലർ കുടിച്ചു കുടിച്ചങ്ങു
ജനിച്ചയിടമത്തു കുളമായ്
മാററി തീർത്തു സ്വന്തം പൈത
ങ്ങളെ പട്ടിണിയാക്കി
അവർ തൻ നീർ പററിച്ച
അവരെ വരട്ടുന്നു.

ഇതും കണ്ടു സഹിക്ക
താൻ വേണ്ട.

ചൊല്ലു ചൊല്ലു നീൻ
ചരിതം മോഹനമനോഹരം.

ഇങ്ങനൊക്കെ
അതാകിലും

വിരക്തിയത്തു
വന്നപോലപ്പുഴക്കരം

തീററിയും നിത്തിയങ്ങു
തപസങ്ങാചരിപ്പൂ.
ഒന്നുമേ തിന്നുകില്ല
പാനവും മതിയാക്കി
കണ്ണുതുമങ്ങടച്ചു
ഗ്രമാം തപസ്സായി.

ഉള്ളെല്ലാം പ്രഭയുററു
ദ്രവമായി പുറമേ,
പവിഴം പോൽ പ്രഭ
യാൻറ ശോഭിച്ചു നില
കൊണ്ടങ്ങു നില്പായി.

ആ അണ്ഡം പിളന്നങ്ങു
ജനിച്ചു ഞങ്ങരം ചിലർ
ഇല വേണ്ടാ
കൈപ്പു വേണ്ടാ
പുളിപ്പും എരിവും വേണ്ടാ

ഒരു ഇലേന്നൊരിലേ
ലേക്കങ്ങൊരു ദിന
മെടുക്കം ഞങ്ങളിതാ
നാട്ട നീളേ പറന്നങ്ങു
വിലസിക്കളിക്കുന്നു.

കേരംക്കുന്നുണ്ടു ഞങ്ങളും
പിള്ളേർ തൻ കമൻററടി.

ഇലതിന്നങ്ങിഴഞ്ഞു നടന്നതും
പൊൻകുടപ്പവിഴം പോൽ
തണ്ണീരായിരുന്നതും
ഇന്നവൻ നമ്മളെ ദാ
വെട്ടിക്കാൻ ശ്രമിക്കുന്നു.

അവരുണ്ടോ അറിയുന്നു
ജീവൻ തൻ വൈശിഷ്ട്യങ്ങൾ
മാനുഷ ദ്വിജന്മാക്കു
ദ്വിജത്വമെവിടെ ഉണ്ണി.

ഞങ്ങളോ ഒരണ്ഡം
പിളന്നിട്ടു മററൊന്നായ്
പിന്നെയും ജനിക്കുന്നു.
അണ്ഡമായ് ചമഞ്ഞിട്ട്
ആയതും പൊട്ടിച്ചങ്ങു
ത്തമജീവിയായി ആരെയും
ദ്രോഹിക്കാതെ മധുവുണ്ടു
കാലങ്ങൾ മൃദുവായ് കഴിക്കുന്നു.
അമൃതം കഴിഞ്ഞെന്നാൽ
മധുപോൽ മററെന്തുണ്ട്
അമൃതം സങ്കല്പമേ
മധുവോ സത്യം സത്യം.

ഇങ്ങനെ ഞങ്ങൾ ലോകേ
വിലസുന്നു പുഷ്പസമം.

പൂം പാററയെന്നും
പുഷ്പ ശലഭ മെന്നും

ചിത്രശലഭമെന്നും
ഞങ്ങൾതൻ നാമമത്രേ.

നിങ്ങൾ തൻ കഥകളോ
കേട്ടില്ല ഞങ്ങളൊട്ടും.

പൂംപാറേറ സാധുക്കളാണു ഞങ്ങൾ
സാധുക്കളാണു ഞങ്ങൾ
ഞങ്ങൾ തൻ കഥ ചൊല്ലാൻ
ഞങ്ങൾക്കു കഴിവുപോരാ

പണ്ടുള്ളോർ ചൊല്ലീ പലതും
അതൊട്ടൊട്ടു ശരിയായേക്കാം,
ഇപ്പോഴും ചിലർ പറയുന്നു
ശരി അതെന്നാക്കറിയാം

അങ്ങനങ്ങാകും നേരം
ഞങ്ങൾ തൻ വചനങ്ങൾ
എങ്ങനെ ശരിയായീടും

എങ്കിലും ചൊല്ലീടുന്നേൻ
അറിഞ്ഞ വഴിപോലെ
ലോകത്തിൻ കേന്ദ്രമതു
സാധുക്കൾ ഹൃദയമത്രേ
ആയതിൽ കെട്ടിപ്പൊക്കീ
ഈശ്വരനീ ലോകത്തെ
നക്ഷത്രജാലങ്ങളും
സൂര്യനും ചന്ദ്രൻ താനും
ആകാശഗംഗയതും ധ്രുവനും
സപ്തർഷിയും എന്നല്ല

ലോകങ്ങൾ പതിന്നാലും
പാതാളം, രസാതലം
മഹാതലം, തലാതലം
സുതലമതലവും
വിതലം മേദിനിയത്തും
നഭസ്ഥലം, ദേവലോകം
മഹർലോകം, തപോലോകം
ജനലോകം, സത്യലോകം
എന്നല്ലീ ലോകമഖിലം
വിളങ്ങുന്നു സാധുഹൃദയേ
മോഹാന്ധകാരേ മായാജാലേ
മരീചിജല സന്നിഭം.

ആത്മസ്മരണ അറ്റു
വിട്ടെന്നാൽ സന്നി
വേശമറ്റു ബാധിക്കും
ആത്മസ്മരണയതെ
ന്തെന്നാൽ ബോധം
തന്നെയതാണെടോ
അതങ്ങു നിലനിർത്തീട്ട
നിലനില്ക്കുന്നു സർവദാ
ഇതിനെച്ചുററി വലം
വച്ചും നടന്നീടുന്നു സർവവും
അലങ്കാരങ്ങളും കോട്ട
കൂടാരങ്ങളുമെല്ലാമവ
നിൽ കാണുവതത്രേ

നീചുററും ലോകമത്തും
സൂര്യസഞ്ചാരദേശവും

എല്ലാം സാധുക്കാംചിദാ
കാശേകണ്ടീടുന്നു മായയാൽ

ഇതെല്ലാം ബോധമെന്നാകിൽ
കരടെങ്ങിനെകാണുമേ
ഭ്രാന്തി ബോധേ കലന്നാകിൽ
കരടങ്ങിനെ കാണുമേ
കരടൊന്നുമതില്ലെങ്കിൽ
ശോഭിക്കും നിർമ്മലചിദാകാശം
അങ്ങനങ്ങിരുപ്പോരത്രേ
സാധുക്കാം ഞങ്ങളെടോ.

നീ എന്നെങ്ങാണും
സഹസ്രദള പത്മേ
പററി തേനതുനുകന്നിട്ടുണ്ടോ
മധുര മനോഹരമറിഞ്ഞിട്ടുണ്ടോ

അതു ഞങ്ങളാഹരിപ്പൂ
അതു ഞങ്ങളാഹരിക്കേ
സൂര്യനതസ്തമിക്കില്ലാ
ഇതളുകാം കൂമ്പുകില്ലാ
അങ്ങനെ ഞങ്ങളിരിക്കേ
നിൻ കൂട്ടായ് ഞങ്ങളെ കൂട്ടാം.
ആത്മവാനന്യരില്ലാ
സാധുക്കാം കന്യനെവിടേ.

ഓം തത് സത്

ഓം
## ശ്രീ ഗുരവേ നമഃ

ഒരുനൂററിഎട്ട് എണ്ണപ്പെട്ട ഉപനിഷത്തുകളിൽ ആദ്യത്തേതാണ് ഈശാവാസ്യോപനിഷത്ത്.

ഇതിൻെറ ആദ്യത്തെ മന്ത്രം തന്നെ പൂർണ്ണാശയ സമ്പന്നമാണ്. ഇതിനെ നമുക്കൊന്നു പഠിക്കാം.

ഈശാവാസ്യമിദം സർവം
യത്കിഞ്ച ജഗത്യാം ജഗത്
തേനത്യക്തേന ഭുഞ്ജീഥാ
മാഗൃധാ കസ്യസ്വിദ്ധനം.

ഈ കാണുന്ന ജഗത്തായ ജഗത്തെല്ലാം ഈശനാൽ നിവസിക്കപ്പെട്ടിരിക്കുന്നതാണ്. -അഥവാ നിറയപ്പെട്ടിരിക്കുന്നതാണ്. ആ ത്യാഗത്താൽ(അതു് തൻേറതല്ലെന്നുള്ളതിനാൽ അതിനെ ആഗ്രഹിക്കാതിരിക്കുക എന്ന ത്യാഗത്താൽ) ഭുജിച്ചാലും.

ആരുടേയും ധനത്തെ നാമാഗ്രഹിക്കരുതു്.

ഇതിനെ ഞാനല്പമായി വിവരിക്കാം. ഇവിടെ രണ്ടു തരക്കാരെയാണ് നാം കണ്ടുമുട്ടുന്നതു്. ഒന്നു് ഒന്നുമില്ലാത്തതായ ആത്മവാൻ, രണ്ടു് സർവ സമ്പന്നനായ ഈശ്വരൻ. ഈ കാണുന്ന ത്രികാലത്തിലുമുള്ള ജഗത്തിൻെറ മുഴുവൻ അവകാശി, നിറവുററ് ഇരിക്കുന്നവൻ.

അതിനാൽ സാധാരണമാണല്ലോ അല്പം ചിലതാഗ്രഹിക്കുക. ഇതു ചെയ്യരുതെന്നാണു ശ്രുതി നിർദ്ദേശം.

''വിഷയാശാ മഹാ പാശാത്
യോ വിമുക്തഃ സുദസ്ത്യജാൽ
സദേവ കല്പതേ മുക്ത്യൈ
നാന്യഃ ഷഡ്ശാസ്ത്ര വേദ്യപി.''

വിഷയം എന്നു പറയുന്നതു് വിഷയിയുടെ പ്രത്യക്ഷത്തിൽ പെടുന്നതിനെ ആണു്. അതിനെതന്നെയാണു് ഇവിടെ ജഗത്തായി കല്പിക്കപ്പെട്ടിരിക്കുന്നതു് ദ്രഷ്ടാവിന്റെ ദൃശ്യം ദ്രഷ്ടാവൊരിക്കലും ദൃശ്യമാകയില്ല. അതു് ആത്മവാന്റേതല്ലായ്കയാൽ, അതു് ആത്മാവല്ലായ്കയാൽ അതിനെ ആഗ്രഹിക്കരുതെന്നാണു് ശ്രുതി അരുളം.

ആത്മാവല്ലാത്ത പ്രപഞ്ചത്തിനെ–ജഗത്തിനെ–അഥവാ പരമേശ്വരശക്തിയെ ആഗ്രഹിക്കാതെ അതിൽ നിന്നും മുക്തനായി നില്പവൻ, അവനെയത്രേ മുക്തനെന്നു പറയേണ്ടതു്. അല്ലാതെ ഷഡ്ദർശന പണ്ഡിതനായ, വിഷയാശാബദ്ധനായ ദാർശനികനെയല്ല.

''നകർമ്മണാ, നപ്രജയാ, ധനേന
ത്യാഗേനൈകേ അമൃതത്വമാനശുഃ
പരേണ നാകം നിഹിതം ഗുഹായാം
വിഭ്രാജതേ യദ്യതയോ വിശന്തി.''

കർമ്മങ്ങളെ കൊണ്ടോ, പ്രജകളാലോ, ധനം കൊണ്ടോ അമൃതത്വം അഥവാ മോക്ഷം സാധ്യമല്ല. പിന്നെയോ അതിനെ സാധിച്ചിട്ടുള്ളതു് അഥവാ സാധിക്കുന്നതു് ത്യാഗം ഒന്നു കൊണ്ടു മാത്രമാണു്.

ഇങ്ങനെയെല്ലാമിരിക്കെകൊണ്ടു് ഈശ്വരശക്തിയായ ഈ ത്രിലോകത്തെയും അതിലുള്ള വകകളേയും ഒട്ടും തന്നെ ആഗ്രഹിക്കരുതു്.

ഇപ്രകാരമുള്ള ഒരു മഹാത്യാഗം ആത്മവാനെ അവനു ത്യജിക്കാൻ വയ്യാത്ത, എന്തു ചെയ്താലും ത്യജിക്കാനാവാത്ത, അവനിൽകൊണ്ടെത്തിക്കും. അതിനെ, അങ്ങനെ ശേഷിക്കുന്നവനെ ആണു് ആത്മാവു് എന്നു ശ്രുതി ഘോഷിക്കുന്നതു്. ഇങ്ങനെ ഇതുകൊണ്ടു തന്നെ ആത്മാന്വേഷണം പൂർത്തിയാകും. മറ്റെല്ലാം ത്യജിച്ചു് നാം ഇവിടെയെത്തി ചേർന്നാൽ മാത്രമേ മായാമോചിതനായി, ഈശ്വരശക്തി മോചിതനായി ആത്മാനന്ദം, ആത്മജ്ഞാനം, നിത്യാവസ്ഥ മുതലായവയുടെ അവകാശി ആയിത്തീരൂ. ഇപ്രകാരമുള്ള ആത്മവാനെ സച്ചിദാനന്ദ ബ്രഹ്മമെന്നു പറയപ്പെടുന്നു. ഇവിടെയേയുള്ള മുക്തി, മുക്തിസ്ഥാനമായ ഇതിൽ എത്തിച്ചേരുവാൻ നാമൊന്നും ചെയ്യുവാനല്ല പറഞ്ഞിരിക്കുന്നതു്, പിന്നെയോ ഈശ്വരവകയായ എല്ലാ ശക്തിയും തന്നിൽ അവശേഷിച്ചു്, ആത്മാവിനെ ജീവാത്മാവെന്നു തോന്നിപ്പിക്കുന്ന, ജീവിക്കൽ, സത്തല്ലാത്തതു് മുതലായവ വല്ലതും പറ്റിപ്പിടിച്ചു നില്ക്കുന്നുവെങ്കിൽ അതിനെ കളഞ്ഞു് കൈ കഴുകുവാനേ നമ്മേ അറിയിക്കുന്നുള്ളൂ.

ഇതുമാത്രം കൊണ്ടു് മാനവരാശിക്കാകമാനം ആത്്മാനുഭവാനന്ദം സാധ്യമെന്നുണർത്തുകയത്രേ ശ്രുതി ഇതിനാൽ നിർവഹിക്കുന്നതു്.

ഈമനോഹര സച്ചിദാനന്ദ കാഴ്ചപ്പാടിൽ നമ്മുടെ ഇതിഹാസ പുരണങ്ങളിലാരെയെങ്കിലും അവതരിപ്പിച്ചിട്ടുണ്ടോ എന്നൊന്നാരാഞ്ഞാൽ, ഉണ്ടു്, അറിയപ്പെടാത്ത കണ്ണൻ എന്നുച്ചത്തിൽ ഘോഷിക്കാം.

ഓം
ശ്രീഗുരവേ നമഃ

ആരുമാരും ഗണിക്കാതെ വന്നെന്നാൽ
തന്നെത്താനായ് – അന്യമൊന്നുമറിയാതി
രിക്കണം

ആത്മപ്രഭാവ മുദിപ്പിച്ചുയക്കണം
ആനന്ദത്തിലങ്ങാറാടി നില്ക്കണം
സാധുക്കൾക്കിതു സാധ്യമതോക്കണം
ഒന്നുമൊന്നുമേ ഇല്ലെന്നു വന്നെന്നാൽ
തന്റെ ബോധമുണർന്നുനിന്നീടുമേ.
സത്യതയവൻ കൂടെയുണ്ടായീടും
അങ്ങനായവൻ സച്ചിദാനന്ദമേ.

ആയതങ്ങറിഞ്ഞു ജീവിപ്പവൻ
തന്നെയാണെടോ സാധു അതൊക്കെടോ
പാവം പാവമായ് നില്പതുമായവൻ
ബാലനായി കളിപ്പതുമായവൻ
അത്ഭുതത്തോടെ നോക്കി നോക്കി പോക്കും
ഒന്നു മൊന്നുമേ ശ്രദ്ധിക്കലുമില്ല.

എന്തുവാണവൻ ആനന്ദ സാഗരം!
കണ്ണേ നീ പൊഴിക്കാനന്ദ ബാഷ്പത്തേ.
അന്യരാരുമവനില്ലാവേളയിൽ
കണ്ണുതന്നെ നടത്തട്ടഭിഷേകം
ഭാരതാംബേടെ ഉൾക്കുളിർക്കുംവണ്ണം
വന്നുതീരട്ടെ ദിവ്യം അഭിഷേകം.

**ഓം**

## ശ്രീഗുരവേ നമഃ

പാവങ്ങൾ പാവങ്ങൾ ഞങ്ങളെല്ലാം
പാവങ്ങൾ ഞങ്ങൾക്കൊരു ബ്രഹ്മമുണ്ട്.
ആയത്തു ചെയ്കില്ല ഞങ്ങൾക്കൊന്നും
ഞാൻ തന്നെ ആയിട്ടിരുപ്പുതന്നെ
ആകയാൽ തരീലും കൊടുപ്പും വേണ്ടാ
വീടില്ല കൂടില്ല നാടുമില്ലാ
എവിടേയുമുള്ളതായ് കണ്ടിടുന്നു.
സാധുക്കൾ സാധുക്കൾ ഞങ്ങളേവം
സാധുത്വമല്ലാതെ ഞങ്ങൾക്കെന്തു്.

ഓം ബ്രഹ്മം— ഓങ്കാരധ്വനി പൂരിതപരം
മായേ— അഹം പ്രത്യയാത്മക കേവലം
അനുഭവേ— അസ്മി വാച്യാർത്ഥബോധകം
വേദേ— അന്ത്യാത്ഥോദയ ബോധജനനം
ശ്രീധരേ— ആനന്ദ ബോധിത നിത്യപരം

സൂക്ഷ്മ സൂക്ഷ്മപരം
സ്വാത്മ ബോധപരം
ദിവ്യ ജ്യോതിപരം
അഹമഹമഹമാത്മപരം
ജഗദാദിപരം
പരമീശപരം
നിർവികല്പപരം
സ്വയമേകപരം
ഭേദഹീനപരം
ജയ ജയ ജയ

മംഗളമംഗള
അമൃതപരം
ആത്മദീപ്തിപരം
അതിശയ അതിശയ
നിരീഹപരം
ആത്മാനുഭവ ദിവ്യപരം
പരം പരം പരം
ആത്മാപരം
അത്തു ബ്രഹ്മ പരം
ഗുരു രൂപ പരം
തുര്യാതീതപരം
മംഗള മംഗള ദിവ്യപരം.

ഓം

# വേദങ്ങൾ

അത്ഭുതാതിശയത്തോടെയല്ലാതെ വേദത്തെ ആർക്കു വീക്ഷിക്കുവാൻ കഴിയും? ആൽവിത്തിനുള്ളിൽ ആലിരിക്കുന്നുവെന്നുപറഞ്ഞാൽ അതിശയിക്കാത്തതാരു്! ഹൃദയാന്തർഭാഗത്തു് അതിസൂക്ഷ്മമായയിടത്തിൽ വളരെ സൂക്ഷ്മമായിരിക്കുന്ന ആകാശം വാനോളം വലുതാണെന്നുപറഞ്ഞാൽ അതിശയിക്കാത്തതാരു്!

''യാവാൻവാ അയമാകാശസ്താവാനേഷോ
അന്തർഹൃദയാകാശഃഉഭേ അസ്മിൻദ്യാവാ
പൃഥിവീ അന്തരേവസമാഹിതേഉഭാവഗ്നിശ്ച
വായുശ്ച, സൂര്യാചന്ദ്രമസാവുഭൌ,
വിദ്യുന്നക്ഷത്രാണി, യച്ചാസ്യേഹാസ്തിയച്ച
നാസ്തിസർവ്വം തദസ്മിൻസമാഹിതമിതി''

'ഈ ഭൌതികാകാശം എത്രത്തോളമുണ്ടോ അത്രത്തോളമുള്ളതാണു് ഈ ഹൃദയത്തിനുള്ളിലുള്ള ആകാശം. ദ്യോവും പൃഥിവിയും ഇതിനുള്ളിൽതന്നെ സ്ഥിതിചെയ്യുന്നു. അഗ്നിയും വായുവും, സൂര്യനും ചന്ദ്രനും വിദ്യുത്തും നക്ഷത്രങ്ങളും യാതൊന്നു് ഈ ദേഹിക്കു് ഈ ലോകത്തിലുണ്ടോ അതും ഏതില്ലയോ അതും ഈ ഹൃദയാകാശത്തിൽ സ്ഥിതിചെയ്യുന്നു.'

ഇപ്രകാരം അതിഗഹനവും അതിശയകരവുമായിരിക്കുന്ന ചതുർവേദങ്ങളെ പുരസ്കരിച്ചു് ഒരു പരിചയപ്പെടുത്തൽ ഈ വേദാപ്രിയകാലത്തു് അത്യന്താപേക്ഷിതമാണല്ലോ.

അജ്ഞാതമായ കാലത്തു് അപൗരുഷേയമായവിധത്തിൽ നിലവിൽ വന്നതാണു് വേദങ്ങൾ നാലുമെന്നു് പറയപ്പെടുന്നു. വേദം ബ്രഹ്മത്തിൽ നിന്നുണ്ടായതായിട്ടൊരുപക്ഷം, എല്ലാവരാലും എക്കാലത്തും അംഗീകരിക്കേണ്ട ധർമ്മപ്രതിപാദക ഗ്രന്ഥമാണെന്നപരം. ഋഷിമാരാണു് മന്ത്രനിർമ്മാതാക്കൾ അല്ലാതെ ബ്രഹ്മം നേരിട്ടൊന്നുമെഴുതിവച്ചതല്ല, പറഞ്ഞതല്ലെന്നൊരു പക്ഷം, ഋഷികൾ ദ്രഷ്ടാക്കളാണു് സ്രഷ്ടാക്കളല്ലെന്നൊരു പക്ഷം, ഇങ്ങനെ വാദകോലാഹലങ്ങൾതന്നെ നടക്കുന്നുണ്ടു്. അതിലേക്കു് മറെറാരവസരത്തിൽ കടക്കാം.

ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നിങ്ങനെ വേദപഠനത്തിനു് ആറംഗങ്ങളുണ്ടു്. ശബ്ദത്തെ വേദത്തിൽ വളരെ ശ്രദ്ധയോടെയാണു് വീക്ഷിക്കുന്നതു്. മന്ത്രങ്ങൾക്കു് ശബ്ദശുദ്ധി അത്യന്താപേക്ഷിതമാണു്. ഇവകൾ കൈകാര്യം ചെയ്യുന്നതു് ശിക്ഷ. യാഗവിധികളെ പ്രതിപാദിക്കുന്നതു കൽപം, ശബ്ദജ്ഞാനത്തിനുതകുമാറു് പ്രയോഗങ്ങളെ വിവരിക്കുന്നതു് വ്യാകരണം. വേദാർത്ഥനിർണ്ണയത്തിനു സഹായിക്കുന്നതു് നിരുക്തം, ഗായത്രി അനുഷ്ടുപ്പ് മുതലായവയെ വിവരിക്കുന്നതു് ഛന്ദസ്സ്. പിന്നെ ജ്യോതിഷവും.

വേദങ്ങളിൽ മന്ത്രങ്ങളും, ബ്രാഹ്മണങ്ങളും, ബ്രാഹ്മണത്തിൽ കർമ്മകാണ്ഡവും ഉപാസനാ കാണ്ഡവും ഉപനിഷത്ുൾക്കൊള്ളുന്നജ്ഞാനകാണ്ഡവും കാണാം. ഋഗ്വേദത്തിൽ പത്തു മണ്ഡലങ്ങളിലായി ആയിരത്തി പതിനേഴു് സൂക്തങ്ങളും, ഇരുപത്തിയൊന്നു ശാഖകളും, ഇരുപത്തിയൊന്നു ഉപനിഷത്തുകളും, യജുസ്സിൽ

കൃഷ്ണശുക്ലഭാഗങ്ങളും, നൂററിഒമ്പതു് ശാഖകളും, നൂററി ഒമ്പതു് ഉപനിഷത്തും, സാമത്തിൽ പൂർവ്വാർച്ചികം ഉത്തരാർച്ചികം, എന്ന രണ്ടുഭാഗങ്ങളും ആയിരം ശാഖകളും ആയിരം ഉപനിഷത്തുകളും, അഥർവണത്തിൽ ശാന്തികം പൗഷ്ടികം ,ആഭിചാരികം എന്നു് മൂന്നു് വിഭാഗങ്ങളും അമ്പതു് ശാഖകളും അമ്പതു് ഉപനിഷത്തുമുണ്ടു്. ഇതിതിന്റെ ഘടനമാത്രമാണു്.

ഭയത്തോടെങ്കിലും ഉള്ളിലേക്കല്പമൊന്നു നോക്കാം

ഋക്കു്:—

''അഗ്നിമീഡേ പുരോഹിതം യജ്ഞസ്യദേവ
മൃത്വിജം ഹോതാരം രത്നധാതമം 1
അഗ്നിപൂർവ്വാഭി ഋഷിഭിരീഡ്യോ നൂതനൈ
രുതസദേവം ഏഹവക്ഷതി.'' 2

വള്ളത്തോൾ തർജ്ജിമ:—

സ്തുതിപ്പൂഞാൻയജ്ഞപുരോഹിതനാംഅഗ്നി
ദേവനെ
ഋത്വിക്കാകിയഹോതാവെ സ്സതരാംരത്നധാരിയെ 1
സ്തുത്യനഗ്നിപുരാണർഷിമാർക്കും പുതിയവർക്കുമേ
ദേവവൃന്ദത്തെയിവിടേയ്ക്കാവാഹിക്കട്ടെനേക്കവൻ 2

ഈ വരികളുടെ ബൃഹത്തായ അർത്ഥം ശ്രീ ദയാനന്ദ സരസ്വതി കൊടുത്തിരിക്കുന്നതു കൂടി ഇവിടെ ചേർക്കാം. ഇതാര്യസമാജക്കാരുടെ തർജ്ജിമയാണു്. ''ഞങ്ങൾ, യജ്ഞസ്യ—വിദ്വാന്മാരുടെ സത്കാരം, സംഗമം മഹിമ കർമ്മം എന്നിവയെ — ഹോതരം— നൽകുകയും ഗ്രഹിക്കുകയും ചെയ്യുന്ന— പുരോഹിതം— ഉത്പത്തികാലത്തിനുമുമ്പുള്ള പരമാണു മുതലായവ

സൃഷ്ടിയെ ധാരണം ചെയ്യുന്ന-ഋതബീജം-വീണ്ടുംവീണ്ടും ഉൽപത്തിയുടെ സമയത്തിൽ നിസ്തുലസൃഷ്ടിയെ രചിക്കുന്ന ഋതുക്കൾ തോറുമുപാസനായോഗ്യനായ-രത്നധാതമമ്-നിശ്ചയമായും മനോഹരമായ പൃഥിവിയേയുംസ്വർണ്ണാദിരത്നങ്ങളെയും ധാരണംചെയ്യുന്ന-അഗ്നിം ഇഡേ-അഗ്രണിയും പ്രകാശസ്രോതസ്സുമായ പരാത്മാവിനെ സ്തുതിക്കുന്നു''.

''അഗ്നിനാ ഏവ-ഈമനുഷ്യർ നല്ലവണ്ണം ഈശ്വരോപാസനയും ഭൗതികാഗ്നിയെ കലകളാൽ സംയുക്തമാക്കുകയും ചെയ്യുന്നതിൽനിന്ന് - ദിവേദിവേ - പ്രതിദിനം-പോഷ്മാ-ആത്മാവിനെയും ശരീരത്തേയുംപോഷിപ്പിക്കുന്ന- വീരയത്തമം-വിദ്വാന്മാരും ശൂരവീരന്മാരും കാംക്ഷിക്കുന്ന രയിമ്-വിദ്യ, സ്വർണ്ണം മുതലായ ഉത്തമധനത്തെ സുഗമായി പ്രാപിക്കുന്നു''.

ഇതുകൊണ്ട് നാം നിൽക്കരുത്, ശ്രദ്ധിച്ചാൽ ഇനിയും അർത്ഥങ്ങൾ തെളിയും.

യജ്ഞപുരോഹിതനായും ദേവനായും ഗമിക്കുന്നവനായും ഹോതാവായും അതായത് ഹവനം ചെയ്യുന്നവനായും ദഹിപ്പിക്കുന്നവനായും-അഥവാ സംഹരിക്കുന്നവനായും, രത്നധാരിയുമായിരിക്കും അഗ്നിയെ ഞങ്ങൾ നമിക്കുന്നു.

ഈ അഗ്നിയാകട്ടെ പൂർവ്വന്മാരായ ഋഷികളാലും നവീന ഋഷികളാലും ആദരണീയനാണ്. ഈ അഗ്നി എല്ലാ ദേവവൃന്ദത്തെയും ആകർഷിച്ച് ശരിയാംവിധം നിറുത്തുവാൻ ശക്തവുമാണ്. മാത്രമല്ല—

''യദംഗദാശുഷേത്വമഗ്നേഭദ്രം
കരിഷ്യസിതവേതത് സത്യമംഗിരഃ''
ഇതിൻെറ വള്ളത്തോടം തർജ്ജിമ:—

''അഗ്നേഭവാൻ പ്രദാതാവിന്നെന്തുനന്മ വരുത്തുമോ
അതംഗിരസ്സേനിയതമവിടുത്തേക്കുതന്നെയാം''

ഇങ്ങനെയെല്ലാമായിരിക്കുന്ന് അഗ്നി അതിനു വേണ്ടിത്തന്നെയാണ് നന്മവരുത്തുന്നതും എന്നുകൂടി സ്മരിക്കുന്നുണ്ട്. ഇപ്രകാരമുള്ള അഗ്നിയെപ്പററിനമുക്ക് കൂലംകഷമായിട്ടൊന്നന്വേഷിക്കാം.

ഇഡാചന്ദ്രകലാജ്ഞേയപിംഗലാഭാസ്സുരസ്യതു
സുഷുമ്നാഗ്നികലാജ്ഞേയ
.... .... .... .... .... .... ....
തസ്യനാഡ്യാംസ്ഥിതോവഹ്നിർ
ജ്വലതേകാലരൂപക.

മറെറാരിടത്തു്:—

ചിദഗ്നികുണ്ഡസംഭൂത
ദേവകാരസമുദ്യതാ
ഉദ്യത്ഭാനു സഹസ്രാഭാ
.... .... .... .... .... .... ....
കുരുവിന്ദമണിശ്രേണി
കനൽകോടീരമണ്ഡിതാ
ചിന്താമണിഗൃഹാന്തസ്ഥാ
.... .... .... .... .... .... ....
ജ്വാലാമാലിനികാക്ഷിപ്താ
വഹ്നിപ്രാകാരമധ്യഗാ.

ഈ കുണ്ഡലിനീശക്തിയാകുന്ന അഗ്നി എപ്പോഴും സബ്ജക്ടീവായി നിലകൊള്ളുകയാൽ, അതായത്ത് എൻേറതുകരം ഇല്ലാതാക്കി ഞാൻ തന്നെയായി നിലകൊള്ളുകയാൽ, ജീവാത്മാവായും പൂർണ്ണതത്താൽ ആത്മാവായും, വേദത്തിൽ പറയുന്ന യജ്ഞപുരോഹിതൻതന്നെയായും, പ്രകാശസ്വരൂപിയായും, ഗമിക്കുന്നതിനാൽ ഗമനസ്വരൂപിയായും, രുദ്രഗ്രന്ഥി എത്തുമ്പോഴേക്കും സർവ്വത്തേയും ദഹിപ്പിച്ച്സംഹരിക്കുന്നവനായും പോകുന്ന പോക്കിലെല്ലാം നനാരത്നങ്ങളുടെ പ്രഭയാലലംകൃതനായും സഹസ്രദളത്തിലെത്തിച്ചേർന്നാൽ സാക്ഷാൽ പരമാത്മാവുതന്നെയായും തീരുകയാൽ ഇതുതന്നെയാണ് ഈ സർവ്വലക്ഷണങ്ങളും തികഞ്ഞ വേദസ്തുതിയിലെ അഗ്നി.

ഇങ്ങനെ എത്രയെത്ര ജ്ഞാനകുംഭങ്ങളാണ് ഈ ജ്ഞാനാംബുരാശിയിൽനിന്നും മുക്കിമുക്കിയെടുക്കാൻ സാധിക്കാത്തത്.

ആർ. ശ്രീധരൻനായർ.

(1977 ഏപ്രിലിൽ ചൂളർ യു. പി. സ്കൂളിൽവച്ച നടത്തിയ ചതുർവ്വേദ പരിഷത്തിനോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തിയതാണ് ഈ ലേഖനവും തുടർന്നുള്ള ഇംഗ്ലീഷ് ലേഖനവും)

# The Four Days Convention of The Chathurvedas

It is always a fancy for our young folk to talk slight of the *Vedas*. Even the educated Hindu saints ridicule the *Vedas* as if it were the prattlings of underdeveloped humanity. Do you know the cause of it ? It is utter ignorance.

Now it is the time of the *Vedas*. This is to be explained before our inquisitive youngsters and hence our procedure.

Come and face what is said by the authorities of the *Vedas* and what the intellectuals have explained.

The world before her creation and after inundation lives in *Vedas* and that is *Veda*.

The huge tree lived in seed before- and after decay thousands of her trees live in her seeds and that is *Beeja* or *Karana*,

The intellect is the *beeja* of the universe and *Vedas* prove this fact.

Peep through this narrow hole deep in to the *Vedas* How wonderful it is.

The universe may exist, it may furnish all facilities or may seem insufficient. Independent of these you can see a parallel existence ever existent and that is existence truth. Undaunted Intelligence exists for ever and hence *Ananda* or Bliss it may.

A Boy studies languge science and all that is good and great. When he is asleep he forgets all. But when awake everything brought before as before, If this is possible why not the universe and all be contained in the intellectual contents of the *Vedas*.

There is a vedic four days convention to be held during the last week of April at Chooloor school- Puthuppally- Govindamuttom P. O., Kayamkulam. Where the main object is to give a satisfactory clue of the *Vedas* and vedic ideals. This will be lead by famous Vedic experts who are known through out India and even in America and such other Places:-

Sri. Ittyravi Nampoothiripad,Panjalil, Sri Vaisravanath Nampoothiripad, Palghat, & Sri. Erkkara Raman Nampoothiripad are the Mahasayas who lead the *Veda Parishath*.

R Sreedharan Nair.

8-4-1977

ഓം

## സാധു ഗോപാലസമാജം

### പ്രസിദ്ധീകരണങ്ങൾ

ശ്രീ ഗോപാല ഗീതാ
വിദ്യാസാഗരസന്ധ്യ
ഗുരു പ്രണാമം
വേദാന്തസാരം –(പുനഃപ്രകാശനം)
ശ്രീധരബോധമനനം
ഉത്തരഗീതാ— (പുനപ്രകാശനം)
രാമ ഗോപാലം–
ശ്രീധരവചനാമൃതം I
" " II
ശ്രീധരപരിദേവനം.
മഹാവാക്യപ്പൊരുൾ
സാധു നിശ്ചലദാസൻെറ–
വിചാര സാഗരം-(പുനഃ പ്രകാശനം)
ശ്രീധരൻെറ വേദാന്ത ബോധസുധ
അദ്വൈത ശ്രീധരം
ശ്രീധരം
ശ്രീധരൻെറ വേദാന്ത സരണി
ഉപനിഷത് ശ്രീധരപ്രകാരം
ശ്രീധര ശ്രീധരം
ബാലശ്രീധരം